(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-7-2014-ലെ സ.ഉ.(പി) നമ്പർ 311/2014/ധന പ്രകാരം പൊതുമരാമത്ത് വകുപ്പല്ലാതെ മറ്റ് ഏജൻസികൾ മുഖേന സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 7-8-2015-ലെ 339/2015/ധന ഉത്തരവിലൂടെ PWD/CPWD/ Other cost effective methods പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന വിവിധ ഏജൻസികളെ അക്രഡിറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെൽട്രോൺ സംസ്ഥാന സർക്കാരിനുവേണ്ടി മേൽ പ്രകാരം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനമല്ല. ആയതിനാൽ കെൽട്രോണിനെ ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്മാർട്ട് സിറ്റി പദ്ധതി

265 (632) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പൂർണ്ണമായും ഐ.ടി. മേഖലയിൽമാത്രം സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും ഐ.ടി. അനുബന്ധ സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കെട്ടിടം പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

266 (633) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ മാസ്റ്റർപ്ലാനിനെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly